പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1225

20.01.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ.കെ. ലതിക | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ ഭൂരഹിതർ ഉള്ളതായി കരുതുന്നുണ്ടോ; 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി വഴി എത്രപേർക്ക് ഭൂമി നൽകുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; എത്ര പേർ ലഭിച്ച ഭൂമിയിൽ വീട് നിർമ്മിച്ച് പ്രവേശിച്ചു; | (എ) സംസ്ഥാനത്ത് നിലവിൽ ഭൂരഹിതർ ഉണ്ട്. കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015"-ന്റെ ഒന്നാംഘട്ടത്തിൽ ഒരു ലക്ഷം ഭൂരഹിത കുടുംബങ്ങൾക്ക് പട്ടയം നൽകുക എന്നതാണ് ലക്ഷ്യം. ഒന്നാംഘട്ട പട്ടയ വിതരണം ജില്ലകളിൽ നടന്നു വരുന്നു. അടുത്ത സാമ്പത്തിക വർഷത്തിലും പദ്ധതി തുടരുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തിയത് ആരായിരുന്നു; ഉദ്ഘാടനം ചെയ്തുകൊണ്ട് വിതരണം ചെയ്യപ്പെട്ട പട്ടയങ്ങൾ എത്രയായിരുന്നു; ഇവയിൽ നിയമപരമായി നില നിൽക്കില്ലെന്ന് ആക്ഷേപിക്കപ്പെട്ടവ എത്ര; | (ബി) യു.പി.എ. അദ്ധ്യക്ഷ ശ്രീമതി. സോണിയ ഗാന്ധി ആയിരുന്നു ഉദ്ഘാടനം നിർവ്വഹിച്ചത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ആറ് ജില്ലകളിലായി പദ്ധതി പ്രകാരം 7384 പട്ടയങ്ങളാണ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് വിതരണം ചെയ്തത്. നിയമപരമായി നിലനിൽക്കാത്ത പട്ടയങ്ങൾ വിതരണം ചെയ്തതായി ആക്ഷേപങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) സംസ്ഥാനത്തിപ്പോൾ ഭൂരഹിതരായി ട്ടെത്രപേർ ഉണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015" പ്രകാരം ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ അർഹരായ 243928 ഭൂരഹിതരായ കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്ന് കണ്ടെത്തിയിരുന്നു.

(ഡി) 'ഭൂരഹിതരില്ലാത്ത' കേരളം' പരിപാടി യുടെ വിവിധ ഘട്ടങ്ങളിലുള്ള പ്രചാരണം, ഉദ്ഘാടനച്ചെലവ്, പത്ര-ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പരസ്യച്ചെലവ് എന്നിങ്ങനെ ഏതെല്ലാം ഇനത്തിൽ എന്തു തുക ഖജനാ വിൽനിന്നും ചെലവായിട്ടുണ്ട്; പരസ്യങ്ങൾ വഴി നൽകപ്പെട്ട ഉറപ്പുകൾ എല്ലാം പാലിക്ക പ്പെട്ടിട്ടുണ്ടോ ?

(ഡി) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015"ന്റെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെ പരസ്യചെലവുകൾക്കായി 15 ലക്ഷം രൂപ അനുവദിച്ചിരുന്നതിൽ .14,77,054 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട പട്ടയ വിതരണം നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ